"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് - ബാലുശ്ശേരി ബസ് സ്റ്റാന്റ് കെട്ടിടത്തിലെ പൊതു ശൗചാലയത്തിന്റെ ടാങ്ക് നിർമ്മാണത്തിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ പ്രവൃത്തി ഏൽപ്പിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1154/2023/LSGD തീയതി,തിരുവനന്തപുരം, 02-06-2023

പരാമർശം:-

(1) ബാലുശ്ശേരി എം.എൽ.എ.യുടെ 02.03.2023-ലെ MLA/BLRY/LSGD(M)/232-ാം നമ്പർ കത്ത്.

(2) ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15.02.2023-ലെ SC1-5550/21-ാം നമ്പർ കത്ത്.

(3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 25.04.2023-ലെ യോഗ തീരുമാനം നമ്പർ 4.4

(4) ധനവകുപ്പിന്റെ 04.07.2019-ലെ GO(P) No77/2019/Fin ഉത്തരവ്

**ഉത്തരവ്**

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബാലുശ്ശേരി ബസ് സ്റ്റാന്റ് കെട്ടിടത്തിലെ പൊതു ശൗചാലയത്തിന്റെ ടാങ്ക് നിർമ്മാണത്തിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി (ULCC) 10,90,000 രൂപ ചെലവു വരുന്നതായി അറിയിച്ചിരുന്നു. അക്രഡിറ്റഡ് സ്ഥാപനങ്ങളായ IRTC, സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (SEUF) എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കണമെന്നാണ് ശുചിത്വമിഷൻ ശിപാർശ ചെയ്തിരുന്നെങ്കിലും ഈ സ്ഥാപനങ്ങൾ ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ചെലവ് ഊരാളുങ്കൽ സൊസൈറ്റി അറിയിച്ച തുകയേക്കാൾ കൂടുതലായതിനാൽ (25 ലക്ഷം) പ്രസ്തുത പ്രവർത്തി ULCC മുഖേന നടപ്പാക്കാൻ അനുമതി നൽകുന്ന വിഷയം 25.04.2023-ലെ വികേന്ദ്രാകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും പരാമർശം (3) പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്യുകയുണ്ടായി.

(2) സർക്കാർ കമ്മിറ്റിയുടെ തീരുമാനം വിശദമായി പരിശോധിച്ചു. പരാമർശം (4)-ലെ ഉത്തരവ് പ്രകാരം ULCCക്ക് 'General Civil Construction Works without bidding process as Non-PMC' എന്ന നിലയിൽ അക്രഡിറ്റേഷൻ ഉണ്ട്. ടാങ്ക് നിർമ്മാണം സിവിൽ പ്രവൃത്തി

ആയതിനാൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബാലുശ്ശേരി ബസ് സ്റ്റാന്റ് കെട്ടിടത്തിലെ പൊതു ശൗചാലയത്തിന്റെ ടാങ്ക് നിർമ്മാണ പ്രവർത്തി ULCC മുഖേന നടപ്പാക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
സെക്രട്ടറി, ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ് I) / (ഓഡിറ്റ് II),
കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം.
തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ&പി.ആർ.(വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 05-06-2023 11:52:52
സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.